പ്രസിഡൻറ്
പ്രൊഫ. കെ. എം. തരകൻ

# കേരള സാഹിത്യ അക്കാദമി

പി.ബി. 501 തൃശ്ശൂർ 680020 ഫോൺ 23569, 04855-2454
ടെലിഗ്രാം : സാഹിതി

പ്രിയപ്പെട്ട ശ്രീ ടോം മാത്യൂസ്,

ജൂൺ 10നു അയച്ച കത്തു കിട്ടി. നിങ്ങൾ ഞങ്ങൾക്കു നൽകിയ സ്വീകരണം ഹൃദയാവർജ്ജകമായിരുന്നു. ഹൃദയം നിറഞ്ഞ നന്ദി.

ജൂലൈ മാസത്തിൽ അവിടെ ഫോക്കാനയുടെ ആഭിമുഖ്യത്തിൽ യുവാക്കൾക്കുവേണ്ടി ഒരു ത്രിദിന കൺവെൻഷൻ നടക്കയാണല്ലോ. അതിനു, കേരള സാഹിത്യ അക്കാദമി പ്രസിഡണ്ടു് എന്ന നിലയിൽ സർവ്വഭാവുകങ്ങളും നേരുന്നു.

യു. എസ്. എ. പൗരൻമാർ കഠിനമായി പ്രയത്നിക്കണമെന്നു ആവശ്യപ്പെടുന്നു; അതിനു ഉയർന്ന പ്രതിഫലം നല്കയും ചെയ്യുന്നു.

സാഹിത്യരംഗത്തേക്കു കടക്കാനാഗ്രഹിക്കുന്നവർക്കു മൂന്നു ഉപലബ്ധികൾ അനുപേക്ഷണീയമാണ്. ഒന്ന്. ശക്തി, ജന്മസിദ്ധമായ വാസന. നമുക്കു കവികളെയും കലാകാരൻമാരെയും സൃഷ്ടിക്കാനാവില്ല. അവർ ജനിക്കുകയാണ്. രണ്ട്. അഭ്യാസം. വാസനയുള്ളതുകൊണ്ടു മാത്രം നിങ്ങൾ കവിയോ, കലാകാരനോ ആവണമെന്നില്ല. നിരന്തരം പരിശ്രമിക്കണം. രാത്രി പകലാക്കി വായിക്കയും പഠിക്കയും വേണം. വീണ്ടും വീണ്ടുമെഴുതണം; വേണ്ട തിരുത്തലുകൾ വരുത്തണം. വള്ളത്തോൾ 'മാതൃവന്ദനം' എന്ന കവിതയിൽ പറയുന്നതു അറബിക്കടലിലെ തിരമാലകൾ കേരള മാതാവിൻെറ കാലുകളിൽ ചിലമ്പുകളണിയിക്കുവാൻ നിരന്തരം ശ്രമിക്കുന്നുവെന്നാണ്.

"ആഴിവീചികളനുവേലം തൃപ്പദങ്ങളിൽ
തൂവെള്ളിച്ചിലങ്കകളണിയിക്കുന്നു- തൃപ്തി
കൈവരാഞ്ഞഴിക്കുന്നു പിന്നെയും തുടരുന്നു."

ഈ അഭ്യാസം തുടർന്നേ മതിയാവൂ.

മൂന്ന്. അഭ്യാസം ചെയ്തു എഴുതുവാനുള്ള' നിപുണത' നേടണം. സാഹിത്യ സൃഷ്ടിക്കു പൂർണത നല്കാൻ നിപുണതയുള്ളവർക്കു മാത്രമെ സാധിക്കയുള്ളൂ.

അലസമായി നടത്താവുന്ന ഒരു കർമ്മമല്ല, സാഹിത്യസൃഷ്ടി.

നമുക്കെല്ലാം ഏറിയ അളവിലോ ചെറിയ അളവിലോ സാഹിത്യാഭിരുചിയും കലാവാസനയുമുണ്ട്. നാമവയെ ശ്രദ്ധിക്കാറില്ല, ചോദിപ്പിക്കാറുമില്ല. ബഹുകാര്യ പരതന്ത്രത മൂലം പലപ്പോഴും ഈശ്വരൻ നല്കിയ 'ഏക ടാലൻറ്' നാം കുഴിച്ചിടുന്നു.

പ്രിയ സുഹൃത്തുക്കളെ, നിങ്ങൾ നിങ്ങളിലേക്കു മുങ്ങിയിറങ്ങുക. നിങ്ങളിലുള്ള സിദ്ധിയെ കണ്ടെത്തുക. പരിപോഷിപ്പിക്കുക. നിങ്ങൾ ജീവിതത്തിലെന്നപോലെ സാഹിത്യരംഗത്തും വിജയിക്കും.

വടക്കേ അമേരിക്കയിലെ കേരളീയരായ യുവാക്കളുടെ ഭാവി പ്രകാശപൂർണ്ണമായി ഭവിക്കട്ടെ.

ഹൃദയപൂർവ്വം,

കെ. എം. തരകൻ